പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1459 **16-10-2026-ൽ മറുപടിയ്ക്ക്**

നിലമ്പൂർ നിയോജകമണ്ഡലത്തിലെ മുണ്ടേരി സീഡ് ഫാമിൽ ഫാം ടൂറിസം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ആര്യാടൻ ഷൗക്കത്ത് ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ, 1200-ൽ അധികം ഏക്കർ ഭൂവിസ്തൃതിയുള്ള മുണ്ടേരി സീഡ് ഫാമിന്റെ ഉപയോഗിക്കാതെ കിടക്കുന്ന മുഴുവൻ ഭൂമിയും പ്രയോജനപ്പെടുത്തിക്കൊണ്ട് അവിടെ ഫാം ടൂറിസം പദ്ധതി ആവിഷ്കരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

മറുപടി: കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് കീഴിലുള്ള ഫാമുകളിൽ ഫാം ടൂറിസം സാധ്യതകൾ ചർച്ച ചെയ്യുന്നതിനായി 07-09-2026 ന് മലപ്പുറം ജില്ലാ കളക്ടറേറ്റ് ഹാളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും, അധികാരികളുടെയും നേതൃത്വത്തിൽ ഒരു ആലോചന യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ മുണ്ടേരി വിത്ത് കൃഷിത്തോട്ടം ഫാം ടൂറിസം വികസനവുമായി ബന്ധപ്പെട്ട കാഴ്ച്ചപ്പാടുകൾ അവതരി പ്പിച്ച് ഫാം ടൂറിസത്തിന്റെ സാധ്യതകൾ ശാസ്ത്രീയമായി വിലയിരുത്തി ആവശ്യമായ പദ്ധതി മാർഗരേഖ തയ്യാറാക്കുന്നതിനും, തുടർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി ജില്ലാതല കമ്മിറ്റിയും, സബ് കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. തുടർന്ന് 17-09-2026 ന് മുണ്ടേരി ഫാം ഡെപ്യൂട്ടി ഡയറക്ടറുടെ ചേമ്പറിൽ വെച്ച് ഫാം ടൂറിസം ജില്ലാതല ടെക്നിക്കൽ കമ്മിറ്റിയുടെ യോഗവും, ഫീൽഡ് സന്ദർശനവും നടത്തി ഉൽ പ്പാദനത്തിന് പ്രഥമ പരിഗണന നൽകിക്കൊണ്ട്, നിലവിൽ ഫാമിലുള്ള തരിശു ഭൂമിയും, കൃഷിയോഗ്യമാക്കാൻ കഴിയുന്ന മറ്റ് ഭൂമിയും ഘട്ടംഘട്ടമായി കൃഷിയോഗ്യമാക്കുന്നതോടൊപ്പം കൃഷിയുമായി പരസ്പരപൂരകമായ രീതിയിൽ ഫാം ടൂറിസം പ്രവർത്തനങ്ങളും വിക സിപ്പിക്കാവുന്നതാണ് എന്ന് കമ്മിറ്റി ശുപാർശ ചെയ്തു.

RIDF പദ്ധതിയിൽ ഉൾപ്പെടുത്തി ഫാം റോഡുകൾ, ടെയിനിംഗ് സെന്റർ, ഗ്ലാസ് ഹൗസ് എന്നിവയുടെ നിർമ്മാണം ഫാമിൽ നടന്നുകൊണ്ടിരിക്കുന്നു. ഇതിനുപുറമെ ഫാം ടൂറിസം മെച്ചപ്പെടുത്തുന്നതിന് താഴെ പറയുന്ന സൗകര്യങ്ങൾകൂടി ആവശ്യമുണ്ട്.

- ഫാംസ്റ്റേ കോട്ടേജുകൾ, ടെന്റ് ക്യാമ്പിംഗ്, ടീ ഹൗസ്
- ശലഭോദ്യാനം, ഔഷധ സസ്യ ഉദ്യാനം, ജാപ്പനീസ് പൂന്തോട്ടം, റോസ് ഗാർഡൻ, ഫാം ട്രക്കിംഗ്, Recreational fishing (മീൻപിടുത്തം)
- തോട്ടങ്ങളിൽ നിന്നും നേരിട്ട് സന്ദർശകർക്ക് പഴങ്ങളും പച്ചക്കറികളും വിളവെടുക്കുന്ന അനുഭവം (Pick and taste)
- കുട്ടികൾക്കായുള്ള കളിസ്ഥലങ്ങളും വിനോദ സൗകര്യങ്ങളും
- പ്രാദേശിക വിഭവങ്ങൾ ലഭ്യമാകുന്ന കഫറ്റീരിയ
- ആധുനിക ടോയ്ലറ്റ് കോംപ്ലക്സ്, പ്രധാന റോഡ് അരികിൽ അലങ്കാര വിളക്കുകൾ

- സന്ദർശകർക്കുള്ള വിശ്രമ കേന്ദ്രങ്ങൾ.
- ഫാമിനകത്തെ ഗതാഗത സൗകര്യങ്ങൾ (ബാറ്ററി വാഹനങ്ങൾ /ഷട്ടിൽ സർവ്വീസ്)
- മെച്ചപ്പെട്ട പാർക്കിംഗ് സൗകര്യം
- വ്യക്തമായ ദിശാ സൂചന ബോർഡുകൾ.
- ഫാമിൽ വരുന്ന വിനോദ സഞ്ചാരികൾക്ക് മികച്ച സംരക്ഷണം ഒരുക്കുന്നതിനായി ഫാമിന്റെ വിവിധ ഭാഗങ്ങളിൽ സെക്യൂരിറ്റി ഔട്ട് പോസ്റ്റുകൾ (വനത്തിനോട് ചേർന്ന പ്രദേശങ്ങൾ)
- ആധുനിക സംവിധാനങ്ങളോടു കൂടി ഒരു പ്രോസസിംഗ് സെന്റർ

ഇവ വിവിധ സംസ്ഥാന / കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന വിഷയം പരിശോധിച്ച് വരുന്നു

സെക്ഷൻ ഓഫീസർ